ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: മെമ്പറന്മാർ സഹകരിക്കാത്തതു കൊണ്ടാണോ ഏകകണ്ഠമായ തീരുമാനമുണ്ടാകില്ലെന്നു പറഞ്ഞതു്?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: മുൻപു ഞാൻ ഇതിനുത്തരം പറഞ്ഞതാണു്. എല്ലാ കക്ഷിയും യോജിച്ചുകൊണ്ടു് ഒരു തീരുമാനമുണ്ടാകയില്ലെന്നു് എനിക്കു് ബോദ്ധ്യം വന്നു. അതുകൊണ്ടാണു്.

കോടതിവിധികൾ നടത്തുന്നതിനു പോലീസ് സഹായം.

* 1674. [23] ശ്രീമതി കുസുമം ജോസഫ്: താഴെ കൊടുത്തിരിക്കുന്ന ചോദ്യത്തിനു് മന്ത്രി സഭയെ മറുപടി നൽകുമോ:

1957 ഏപ്രിൽ 5-നു് ശേഷം കോടതിവിധികൾ നടത്താൻ പോലീസ് സഹായങ്ങൾ വേണ്ടിവന്നിട്ടുള്ള സന്ദർഭങ്ങൾ എത്ര?

ധനകാര്യമന്ത്രി (ശ്രീ സി. അച്യുതമേനോൻ): 909

ശ്രീമതി കുസുമം ജോസഫ്: സ്വന്തം നിലം കൊയ്തു് എടുക്കുന്നതിനു് കോടതിയുടെ ഓർഡർ കിട്ടിയതിനുശേഷം കൃഷിക്കാർ നെല്ലു കൊയ്തെടുക്കാൻ ചെന്നപ്പോൾ കുട്ടനാട്ടിലെ സഖാക്കൾ ബഹളം കൂട്ടിയിട്ടില്ലേ?

ശ്രീ. സി. അച്യുതമേനോൻ: കേസിന്റെ എണ്ണമാണു് ചോദിച്ചതു്. സഖാക്കൾ ബഹളമുണ്ടാക്കിയ കാര്യം അന്വേഷിച്ചിട്ടില്ല. പോലീസിന്റെ സഹായമാവശ്യപ്പെട്ട കേസിന്റെ എണ്ണമാണു് ആവശ്യപ്പെട്ടതു്. ഹൈക്കോടതി രജിസ്ട്രാരിൽ നിന്നും കിട്ടിയവിവരം ഇവിടെ പറഞ്ഞു.

ശ്രീ. എം. നാരായണക്കുറുപ്പു്: പോലീസ് സഹായം തേടി കോടതി വിധി നടപ്പാക്കാൻ ശ്രമിച്ചതിൽ എത്രയെണ്ണം തടസപ്പെടുത്തിയിട്ടുണ്ടു്?

ശ്രീ. സി. അച്യുതമേനോൻ: അതിന്റെ വിവരം ഇവിടെയില്ല.

വൃക്ഷങ്ങളുടെ സംരക്ഷണം

* 1675. [24] ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനംവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഫലവൃക്ഷങ്ങളും തണൽവൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രത്യേകമായ വല്ല പരിപാടിയും അനുസൃതമായി ചെയ്തിട്ടുണ്ടോ;

(ബി) വൃക്ഷങ്ങളെ സ്നേഹിക്കുന്നവരുടെ (Friends of trees) ഒരു സംഘടനയുണ്ടാക്കാൻ ആലോചനയുണ്ടോ?

മൃഗ്യവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്):

(എ) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ പരമപ്രധാനമായ ചുമതല വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കലാണു്. പക്ഷേ, ഫലങ്ങൾക്കുവേണ്ടിയും തണലിനുവേണ്ടിയും അല്ല അവ നട്ടുന്നതു്.

(ബി) ഫ്രൻഡ്സ് ഓഫ് ട്രീസ് എന്നൊരു അനൗദ്യോഗികസംഘടന ബോംബെയിൽ ഉടലെടുത്തിട്ടുണ്ടു്. അതിന്റെ കേരളശാഖ കേരളഗവർണ്ണർ 22-5-1955-ൽ ഉൽഘാടനം ചെയ്തിട്ടുണ്ടു്. പ്രവർത്തനം ഇടങ്ങിയിട്ടില്ല. പരിപാടികൾ അനുസൃതം ചെയ്തുവരികയാണു്.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: മനുഷ്യരെ സ്നേഹിക്കാത്ത ആളുകളാണോ ഈ വൃക്ഷങ്ങളെ സ്നേഹിക്കുന്ന സംഘടനയിലെ അംഗങ്ങൾ.

ശ്രീ. കെ. സി. ജോർജ്ജു്: വൃക്ഷമായതുകൊണ്ടു് സ്നേഹം കാണാതിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഏ. എം. കല്യാണകൃഷ്ണൻ നായർ: ഇവിടെ ഒരു കമ്മിറ്റി ഇതിനുവേണ്ടിയുണ്ടാക്കാൻ പോകുന്നതായി അറിയുന്നു. അതെയെങ്കിലും ഈ കമ്മിറ്റിയിൽ എടുക്കുന്നതിനപ്പുറം എന്തെങ്കിലും നടപടിയുണ്ടോ?

ശ്രീ കെ. സി. ജോർജ്ജ്: അതൊരു അനൗദ്യോഗിക സംഘടനയാണ്. ഗവണ്മെൻറിന്റെ സംഘടനയല്ല.

ശ്രീ. ഏ. എം. കല്യാണകൃഷ്ണൻ നായർ: അനൗദ്യോഗികകമ്മിറ്റി ഗവണ്മെൻറിന്റെ അഭിമുഖ്യത്തിലല്ലേ സംഘടിപ്പിക്കുന്നത്?

ശ്രീ. കെ. സി. ജോർജ്ജ്: അനൗദ്യോഗികകമ്മിറ്റി ഗവണ്മെൻറിന്റെ അഭിമുഖ്യത്തിലാകയില്ല.

ശ്രീമതി ലീലാദാമോദര മേനോൻ: മനുഷ്യരെ സ്നേഹിക്കാത്തവർ വൃക്ഷങ്ങളെ സ്നേഹിക്കുമോ?

ശ്രീ. കെ. സി. ജോർജ്ജ്: ശ്രീ. കെ. എം. മുൻഷിയാണ് ഈ പ്രസ്ഥാനത്തിന്റെ പ്രസിഡൻറ്.

ശ്രീ. കെ. കെ. വിശ്വനാഥൻ: കേരളശാഖയിലെ വൃക്ഷസ്നേഹിതന്മാർ ആരൊക്കെയാണ്?

ശ്രീ. കെ. സി. ജോർജ്ജ്: ഗവർണ്ണർ ഉൽഘാടനം ചെയ്തതേയുള്ളൂ. ആ സംഘടന ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ബഹുമാനപ്പെട്ട മന്ത്രിയും വൃക്ഷസ്നേഹിതനാണോ?

ശ്രീ. കെ. സി. ജോർജ്ജ്: ഇപ്പോൾ വൃക്ഷത്തിന്റെ ചാർജ്ജാണ്.

ശ്രീ. ആർ. ജനാർദ്ദനൻപിള്ള: ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലുള്ള മേലുദ്യോഗസ്ഥന്മാരെ ഈ കമ്മിറ്റിയിൽ എടുക്കുകയല്ലേ നല്ലത്.

മി. സ്പീക്കർ: അവർ വൃക്ഷവിരോധികളല്ലേ?

ശ്രീ. ആർ. ജനാർദ്ദനൻപിള്ള: എന്നാലും വൃക്ഷങ്ങളുമായി കൂടുതൽ ബന്ധമുള്ളതുകൊണ്ട് അവരെത്തന്നെ എൽപ്പിക്കുകയായിരിക്കും നല്ലതെന്നു തോന്നുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വൃക്ഷവിരോധികളും പണംകൊടുത്തവരല്ലേ; പണംകൊടുത്തവരെയാരെ ഈ സംഘടനയിലുൾപ്പെടുത്തുമോ?

ശ്രീ. ഇ. പി. പൗലോസ്: പണംകൊടുത്തവരല്ലേ കലഞ്ഞോഹികൾ?

ശ്രീ. എം. നാരായണക്കുറുപ്പ്: വനമഹോത്സവം കൊണ്ടാടുന്നത് ഈ സംഘടനയെ എൽപ്പിക്കാൻ ഉദ്ദേശമുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ്: ആലോചിക്കാം.

ശ്രീമതി ലീലാദാമോദര മേനോൻ: ഈ സംസ്ഥാനത്തു് ഈ യോഗം വിളിച്ചുകൂട്ടിയതു് ആരാണ്?

ശ്രീ കെ സി. ജോർജ്ജ്: ബാംബയിലെ അസോസിയേഷന്റെ പ്രസിഡൻറാണ് ഇവിടെവന്നു് യോഗം വിളിച്ചുകൂട്ടിയതു്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX No. III

Please see answer to starred question No. 1675 (25)

Clause (A): The conditions of appointment of Shri S. Y. Krishnaswamy are:

(1) The post of the Adviser for Agricultural Planning is for a period of six months from 14-5-1959.

(2) He will be given a salary of Rs. 3,000 p. m. less his pension.

(3) His Headquarters will be Madras. He will be a touring officer entitled to T. A. as for 1st Class Officers. When he stays in Trivandrum and during his tours within the State, he will be given a State car free of all charges. When he uses the State car for his tour, he will draw only D. A. While at Trivandrum, he will stay at the Residency as a paying guest and will be charged the room rent plus the cost of food actually taken.

(4) He can contact any Secretary to Government, Head of the Department, Collectors, or District Officers directly for any assistance or information required by him.

Clause (B): The Government have been feeling that the problem of Agriculture and Food Production in the State should be properly tackled and a satisfactory solution found without delay. A perspective plan for the development of Agaiculture especially, rice production, has become an urgent necessity. Such a Plan should specially indicate what could be done during the Third Plan period with as precise details as possible. With a view to get this work done efficiently, Government had been on the look out for an experienced and competent person for sometime and have now secured the services of Shri S. Y. Krishnaswamy I. C. S. (Retd). A brief account of his official carrier is given below:

Shri S. Y. Krishnaswamy joined the Indian Civil Service in 1929 at Madras. He was special Settlement Officer in 1936. He was Special Officer for Cauvery Irrigation in 1940 and wrote a report on the subject which is still being used as a reference book for the area. He worked as Secretary, Board of Revenue, Madras. Then he was Secretary, Madras Government for Post-war Reconstruction and Planning. During this period, he formulated several Agricultural and Industrial schemes for the State. He also wrote a detailed book on "Rural Problems in Madras". The Book is recommended for study by new I. A. S. and other officers and is also used as Text Book on Rural Economics in the M. A. Class. He also wrote a report on "Land Utilisation in India" as member Secretary of an All India Committee on the subject, presided over by the late Sri N. Gopalaswamy Iyengar.

LIBRARY ARCHIVES Kerala Legislative Assembly

He joined the Government of India in the Ministry of Food and Agriculture for a period of about five years and was in charge of all Food Production Schemes in India.

He was either a member or leader of several delegations to the F. A. O. conferences in Geneva, Washington and the Far East. He presided over an International Rice Conference at Trivandrum.

He was deputed to give a comprehensive report for the improvement of the Laccadive Islands and the comprehensive report that he then gave, is being implemented now.

Since retiring he has written a book on "Food Production in India."

Clause (C): Details of Directors, Joint Directors and Advisers now existing in the Agriculture Department and their scales of pay and allowances are furnished below:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Sl No. (1)	Designation of post. (2)	Total No. (3)	Name of persons holding the post. (4)	Pay (5)	Scale of pay. (6)	D. A. & D. F. (7)	Remarks (8)
1.	Special Officer.	1	Sri P. M. Mathew, I.A.S.	1060 (Salary) 150 (Spl. Pay)		I. A. S. cadre	Sri K. Sivasankara Menon will retire from service on 1-6-1959 and Sri P. M. Mathew will take over the charge of Director. The post of Spl. Officer will then be abolished.
2.	Director	1	Sri K. S. Sivasankara Menon	600	600-900	D. A. Rs. 76 D. P. Rs. 9	
3.	Jt. Directors	3					
i.	Soil Conservation		Sri M. Sukumaran Nair	700	500-800	D. A. Rs. 76 D. P. Rs. 9	
ii.	Research		Sri T. Gopalan Nair	550	500-800	Do.	
iii.	Extension		Sri M. Janardhanan Nair	550	500-800	Do.	The full salary and allowances will be met by the Govt. of India.
4.	Principal and Addl. Director of Research	1	Sri L. S. S. Kumar	800		Rs. 100	
			Allowance for doing duties of Principal	100			
			Addl. duties as Addl. Director of Agriculture (Research)	100			
5.	Adviser	1	Sri P. D. Nair	No salary			Honorary capacity.